നം.DDDKER/3340/2021-TC

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:09.11.2021

**സർക്കുലർ നം.40**

വിഷയം:- ക്ഷീര വികസന വകുപ്പ് -കന്നുകാലികൾക്ക് നൽകുന്ന തീറ്റയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച് -

ആസ്പെർഗില്ലസ് ഫ്ലാവസ്, ആസ്പെർഗില്ലസ് പാരാസൈറ്റികസ് എന്നീ ഫംഗസുകൾ ഉത്പാദിപ്പിക്കുന്ന ഒരു വിഷ പദാർത്ഥമാണ് അഫ്ലാടോക്സിൻ . അഫ്ലാടോക്സിൻ ഉൽപ്പാദിപ്പിക്കുന്ന ഫംഗസുകൾ പ്രകൃതിയിൽ വ്യാപകമായി പടർന്ന് നിൽക്കുകയും സാധാരണയായി ഗോതമ്പ്, ചോളം, നിലക്കടല, എന്നിവയുൾപ്പെടെയുള്ള ധാന്യ വിളകളെയും പയർ വിളകളെയും ബാധിക്കുന്നു. പൂപ്പൽ ബാധിച്ച ഇത്തരം വസ്തുക്കൾ കാലിത്തീറ്റക്കായും കാലിത്തീറ്റ വസ്തുകളായും ഉപയോഗിക്കുന്നത്തിലൂടെ അഫ്ലാടോക്സിൻറെ അംശം തീറ്റയിലും എത്തിച്ചേരുന്നു. കാലിത്തീറ്റയിലൂടെ ഇതിന്റെ അംശം പാലിലും ചുരത്തപ്പെടുന്നു. അങ്ങനെ മൃഗങ്ങളുടെയും മനുഷ്യരുടെയും ഭക്ഷണ ശൃംഖലയിൽ അനഭിലഷണീയമായ സാന്നിധ്യമാവുകയും ചെയ്യുന്നു.

എന്നാൽ തീറ്റ വാങ്ങുമ്പോഴും, സ്റ്റോർ ചെയ്യുമ്പോഴും, കൈകാര്യം ചെയ്യുമ്പോഴും കർഷകർക്ക് വിതരണം ചെയ്യുന്ന സമയത്തും ജാഗ്രത പുലർത്തിയാൽ പൂപ്പൽ ബാധ തടയുകയോ നിയന്ത്രിക്കുകയോ ചെയ്യാവുന്നതാണ്.

കാലിത്തീറ്റയിൽ അഫ്ലാടോക്സിൻറെ സാന്നിധ്യം ഉള്ളത് കൊണ്ടുമാത്രം തീറ്റ മൃഗങ്ങളുടെ ഉപഭോഗത്തിന് സുരക്ഷിതമല്ല എന്ന അർത്ഥമാക്കുന്നില്ല . എന്നാൽ അവയുടെ സാന്നിധ്യം സുരക്ഷിതമായ അളവിൽ നിന്നും കൂടുമ്പോൾ മാത്രം മൃഗങ്ങൾക്കോ അല്ലെങ്കിൽ അതിൻമൂലം ഇതിൻറെ അംശം പാലിലൂടെ മനുഷ്യർക്കോ ഹാനികരമാകുംവിധം എത്തുമ്പോഴാണ് അപകടകരം ആകുന്നത്

1. കാലിത്തീറ്റയിൽ വരാവുന്ന പൂപ്പൽ ബാധയെക്കുറിച്ച അറിഞ്ഞിരിക്കുകയും ഇത് തടയാനോ, നിയന്ത്രിക്കാനോ വേണ്ട മാർഗങ്ങളെ കുറിച്ച് അറിഞ്ഞിരിക്കുക എന്നതാണ് പൂപ്പൽ ബാധ തടയുന്നതിന്റെ ആദ്യ പടി.
2. കർഷകർക്ക് ക്ഷീര സംഘം മുഖേന വിതരണം ചെയ്യുന്ന കാലിത്തീറ്റ, തീറ്റ വസ്തുക്കൾ സുരക്ഷിതവും വിശ്വസനീയവുമായ ഉറവിടങ്ങളിൽ നിന്ന് മാത്രം വാങ്ങുക.
3. സാധാരണ ലഭിക്കുന്ന കമ്പനി കാലിത്തീറ്റകൾക്ക് പുറമേ കാലിത്തീറ്റ വസ്തുക്കളായ പിണ്ണാക്ക് പോലെയുള്ളവ വാങ്ങുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക.

4. മുൻവർഷങ്ങളിലെ കാലിത്തീറ്റ വില്പനയുടെ പ്രവണത മനസിലാക്കി ആവശ്യമായ അളവിൽ മാത്രം തീറ്റ സ്റ്റോക്ക് ചെയ്യുക. ആവശ്യത്തിലും കൂടുതൽ അളവ് സ്റ്റോക്ക് ചെയ്യുന്നത് ഒഴിവാക്കുക.
5. കാലിത്തീറ്റ ലോഡ് എത്തി ഇറക്കുന്ന സമയത്തുതന്നെ ചാക്കുകളിൽ ദ്വാരം, കീറൽ, തുന്നലിലെ അപാകത എന്നിവ ക്രമരഹിതമായ പരിശോധന നടത്തുക.(random checking). ഇപ്രകാരം ന്യൂനതകൾ കാണുന്ന പക്ഷം അപ്പോൾ തന്നെ കാലിത്തീറ്റ കമ്പനിയിലെ ബന്ധപ്പെട്ടവരെ അറിയിക്കുക.
6. ചാക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാച്ച് നമ്പറുകൾ തന്നെ Invoice ലും ഉണ്ടെന്നു ശ്രദ്ധിക്കുക. Invoice ൽ ബാച്ച് നമ്പറുകൾ രേഖപ്പെടുത്തി നൽകുന്നതിന് കാലിത്തീറ്റ കമ്പനികളോട് ആവശ്യപ്പെടുക.
7. തീറ്റ വാങ്ങുന്ന ക്രമമനുസരിച്ച് ഉപയോഗിക്കുക. അതായത് ആദ്യം വാങ്ങിയത് ആദ്യം ഉപയോഗിക്കുക.(First In First Out). ഇതിനായി ഒരു പേപ്പറിലോ, കാർഡ് ബോർഡിലോ തീറ്റ വാങ്ങിയ തിയ്യതി, invoice, batch number എന്നി വിവരങ്ങൾ കുറിച്ചിടുക.
8. ഒരു ലോഡിൽ തന്നെ ഒന്നിലധികം ബാച്ചുകൾ വരുന്ന പക്ഷം ബാച്ച് തിരിച്ചു തന്നെ സ്റ്റോക്ക് ചെയ്യുന്നതും കർഷകർക്ക് വിതരണം ചെയ്യുന്ന സമയത്തും ബാച്ച് നമ്പർ മാർക്ക് ചെയ്യുന്നതും പിന്നീട് തീറ്റയിൽ കാണാവുന്ന ഏതെങ്കിലും അപാകത റിപ്പോർട്ട് ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും ഉപകരിക്കും.
9. തീറ്റയിൽ അസാധാരണമായ നിറം, മണം എന്നിവ കാണുകയാണെങ്കിൽ അപ്പോൾ തന്നെ കാലിത്തീറ്റ കമ്പനിയിലെ complaint വിഭാഗത്തെ അറിയിക്കുക.
10. നിങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്തിരിക്കുന്ന തീറ്റയിൽ അസാധാരണമായ മാറ്റങ്ങൾ തിരിച്ചറിയുക (ഉദാഹരണത്തിന് അതിന്റെ നിറം, മണം, ഘടന അല്ലെങ്കിൽ രൂപം എന്നിവയിലെ മാറ്റങ്ങൾ)
11. കാലിത്തീറ്റ കൈകാര്യം ചെയ്യുമ്പോഴും പ്രത്യേകം ശ്രദ്ധ പുലർത്തുക. ചാക്കുകൾ തറയിലൂടെ വലിക്കുകയോ, കീറൽ വരുന്ന രീതിയിലോ കൈകാര്യം ചെയുന്നത് ഒഴിവാക്കുക.
12. കാലിത്തീറ്റ ചാക്ക് അട്ടിയിട്ടു വയ്ക്കുന്ന സ്ഥലത്തിന്റെ തറയിൽ ഈർപ്പം ഇല്ല എന്ന് ഉറപ്പുവരുത്തുക. ചുമരിൽ നിന്ന് ഒരടിയെങ്കിലും അകലത്തിൽ തീറ്റ ചാക്ക് അടുക്കി വയ്ക്കുക. മര വസ്തുക്കളിൽ എളുപ്പം പൂപ്പൽ ബാധിക്കുമെന്നതിനാൽ മരത്തടികളുടെ മീതെ കാലിത്തീറ്റ ചാക്കുകൾ സൂക്ഷിക്കാതിരിക്കുക. ഇതിനായി Plastic pallet കൾ ഉപയോഗിക്കുക.
13. പൂപ്പൽ ബാധ തടയുന്നതിന് അനുകൂലമായ പാരിസ്ഥിതിക സാഹചര്യങ്ങൾ ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കുക. പകൽ വെളിച്ചം പതിക്കുന്ന മുറിയിൽ കാലിത്തീറ്റ സ്റ്റോക്ക് ചെയ്യുക.
14. കാലിത്തീറ്റ സ്റ്റോക്ക് ചെയ്യുന്ന മുറിയും ഉപകരണങ്ങളും പതിവായി വൃത്തിയാക്കുന്നത് തീറ്റ മലിനീകരണം തടയാനോ ഗണ്യമായി കുറയ്ക്കാനോ കഴിയും.
15. Pest Control സംവിധാനങ്ങൾ ഏർപ്പെടുത്തുക
16. അനുവദിക്കപ്പെട്ട സംഘം ജീവനക്കാർക്ക് മാത്രം കാലിത്തീറ്റ സ്റ്റോക്ക്

ചെയ്തിട്ടുള്ള മുറിയിലേക്ക് പ്രവേശനം പരിമിതപ്പെടുത്തുക.

17. കർഷകർ വാങ്ങിപോയ കാലിത്തീറ്റയിൽ അസ്വഭാവികത ഏതെങ്കിലും കർഷകർ അറിയിച്ചാൽ അവഗണിക്കാതെ ഗൗരവമായി കാണുക. ആ ബാച്ചിലെ കാലിത്തീറ്റ വാങ്ങിയ മറ്റ കർഷകരെ വിളിച്ച ചോദിച്ച കൂടുതൽ ഇടപെടൽ നടത്തുക. കാലിത്തീറ്റയുടെ ഗുണത്തെ കുറിച്ച് കൂടുതൽ കർഷകർ പരാതി ഉന്നയിക്കുന്ന പക്ഷം നേരിട്ട് പരിശോധന നടത്തി സ്ഥിരീകരിക്കുക. ശേഷം ഗുണ നിയന്ത്രണ ഓഫീസറെ വിളിച്ച വിവരം അറിയിക്കുക. സാംപിൾ ശേഖരിച്ച ഫലം വരുന്നതുവരെ ഈ സ്റ്റോക്ക് വില്പന നടത്താതെ hold ചെയ്യുക. HOLD എന്ന് എഴുതിയ ബോർഡ് ഈ കാലിത്തീറ്റ സ്റ്റോക്കിന്മേൽ അടയാളപ്പെടുത്തുക.പരിശോധനയിൽ അഫ്ലാടോക്സിൻ സാന്നിദ്ധ്യം കണ്ടാൽ കാലികൾക്ക് നൽകാതെ നശിപ്പിച്ചുകളയുക.

.

Signature Not Verified

Digitally signed by V P SURESHKUMAR
Date: 2021.11.17 11:08:13 IST
Reason: Approved

**ഡയറക്ടർ(I/C)**

പകർപ്പ്:–

1)എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

2) ജോയിന്റ് ഡയറക്ടർ (ജനറൽ, പ്ലാനിംഗ്)

3)ഡെപ്യൂട്ടി ഡയറക്ടർ ( ജനറൽ, പ്ലാനിംഗ്, എക്സ്റ്റൻഷൻ, ഇ–ഗവേണൻസ് & ഐ.റ്റി )

4)അസിസ്റ്റന്റ് ഡയറക്ടർ/എസ്.എം.എസ് (ഡയറി)

5)പ്രോജക്ട് സെൽ/ ടെക്നിക്കൽ സെൽ

6)ശേഖരസഞ്ചയം